കൃഷ്ണപുരം സാംസ്ക്കാരിക വിനോദസഞ്ചാര സമുച്ചയത്തിൽ നിർമ്മാണ പ്രവൃത്തികൾ

188 (2288) ശ്രീ. സി. കെ. സദാശിവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കായംകുളം മണ്ഡലത്തിലെ കൃഷ്ണപുരം സാംസ്ക്കാരിക വിനോദസഞ്ചാര സമുച്ചയത്തിൽ മ്യൂസിയവും ആർട്ട് ഗ്യാലറിയും നിർമ്മിക്കുന്നതിനായി എത്ര രൂപയാണ് വകകൊള്ളിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ ആർക്കിടെക്ചറൽ ഡ്രോയിംഗും ഡിസൈനും തയ്യാറാക്കുന്നതിലുണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിനും പ്രവൃത്തി സമയബന്ധിതമായി ടെണ്ടർ ചെയ്യുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) കൃഷ്ണപുരം സാംസ്കാരിക വിനോദസഞ്ചാരസമുച്ചയത്തിന്റെ നിർമ്മാണത്തിനായി 271 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന് ഉദ്ദേശിച്ച സ്ഥലത്ത് നിന്നും ദേശീയപാതയ്ക്ക് വേണ്ടി സ്ഥലം അക്വിസിഷൻ ആവശ്യമായതിനാൽ പുനർ ആർക്കിടെക്ചറൽ ഡ്രോയിംഗ് തയ്യാറാക്കേണ്ടി വന്നതുകൊണ്ടാണ് ടെണ്ടർ ചെയ്യുന്നതിന് കാലതാമസമുണ്ടാകുന്നത്.

(സി) റിവൈസ്ഡ് ആർക്കിടെക്ചറൽ ഡ്രോയിംഗ് ലഭിച്ചിട്ടുണ്ട്. സ്ട്രക്ചറൽ ഡിസൈൻ കൂടി തയ്യാറാക്കിയതിനുശേഷമേ ടെണ്ടർ ചെയ്യാൻ സാധിക്കുകയുള്ളൂ.

എടത്വ സബ്ട്രഷറി നിർമ്മാണം

189 (2289) ശ്രീ. തോമസ് ചാണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) എടത്വ സബ്ട്രഷറി നിർമ്മാണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുന്ന റിപ്പോർട്ട് ലഭ്യമാക്കുമോ ;

(ബി) നിർമ്മാണം ആരംഭിക്കാത്ത കരാറുകാരനെ ടെർമിനേറ്റ് ചെയ്തു പ്രവൃത്തി റീ-ടെണ്ടർ ചെയ്യാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എടത്വ സബ്ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണത്തിന് ശ്രീ. കെ. എ. വർഗ്ഗീസ്, കണ്ണമ്പള്ളിൽ ചങ്കരി പിള്ള എടത്വ എന്ന കരാറുകാരൻ 4-6-2010-ൽ കരാർ ഒപ്പുവച്ചു. അടങ്കൽ തുകയിൽ നിന്നും 25% അധിക തുകയായ 37,35,649 രൂപയാണ് കരാർ തുക.

തുടർന്ന് 27-7-2010-ൽ സൈറ്റ് കൈമാറിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ ഇനിയും ആരംഭിച്ചിട്ടില്ല.

(ബി) ഇക്കാര്യത്തിൽ നിലവിലുള്ള നിയമത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ സ്വീകരിക്കുന്നതാണ്.

ഹരിപ്പാട് നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വിവിധ നിർമ്മാണ പ്രവൃത്തികൾ

190 (2280) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിനുകീഴിൽ അനുവദിച്ചിട്ടുള്ള മിനി സിവിൽ സ്റ്റേഷൻ, കോർട്ട് കോംപ്ലക്സ്, ജൂനിയർ ടെക്നിക്കൽ സ്കൂൾ കെട്ടിടം ഇവയുടെ നിർമ്മാണം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുഘട്ടത്തിലാണ് എന്ന് പ്രത്യേകം പ്രത്യേകം വിശദീകരിക്കുമോ ;

(ബി) പ്രസ്തുത നിർമ്മാണ പ്രവൃത്തികൾ ഓരോന്നിന്റെയും ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ടോ ;

(സി) പൂർത്തിയായവ ഏതെല്ലാം ;

(ഡി) പൂർത്തിയാകാനുള്ളവ ഏതെല്ലാം ;

(ഇ) എന്നേക്ക് പ്രസ്തുത നിർമ്മാണ പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാകും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ - ഡി) ഹരിപ്പാട് മിനി സിവിൽ സ്റ്റേഷൻ നിർമ്മാണം സംബന്ധിച്ച ടെണ്ടർ ഗവൺമെന്റ് ടെണ്ടർ കമ്മിറ്റി 20% അധിക തുക അംഗീകരിച്ച് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനു നൽകുകയുണ്ടായി. എന്നാൽ ഈ നിരക്കിൽ പ്രസ്തുത ജോലി ചെയ്യുവാൻ കൺസ്ട്രക്ഷൻ കോർപ്പറേഷൻ വിസമ്മതിക്കുകയും ഉയർന്ന നിരക്ക് ആവശ്യപ്പെടുകയുമുണ്ടായി. നിരക്ക് അധികരിച്ച് നൽകുന്ന ശിപാർശ 23-12-2010-ലെ ടെണ്ടർ കമ്മിറ്റി അംഗീകരിച്ച് ധനവകുപ്പിന്റെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly